(ബി) ആധാർ-നായി ശേഖരിക്കുന്ന വിവരങ്ങളെല്ലാംതന്നെ യു.ഐ.ഡി. അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ വിവരങ്ങൾ യു.ഐ.ഡി. അതോറിറ്റിയുടെ കേന്ദ്ര സെർവ്വറിലേക്ക് എത്തിച്ചെങ്കിൽ മാത്രമേ അത് പ്രോസസ്സ്ചെയ്ത് ആധാർ നമ്പർ ലഭിക്കുകയുള്ളൂ. യു.ഐ.ഡി. കേന്ദ്ര അതോറിറ്റി സംസ്ഥാന രജിസ്ട്രാർമാർക്ക് എൻക്രിപ്റ്റ് ചെയ്ത് സുരക്ഷിതമാക്കിയ യു.ഐ.ഡി. വിവരങ്ങൾ സൂക്ഷിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

(സി) ആധാറുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സോഫ്റ്റ്വെയറുകളും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സെർവ്വറുകളും കേരള സംസ്ഥാന ഐ. ടി. മിഷന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈവിവരങ്ങളൊന്നുംതന്നെ മറ്റൊരു ഏജൻസിക്ക് കൈമാറാൻ പറ്റുന്നതല്ല. സംസ്ഥാനത്തെ എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും വിവിധതരം ആപ്ലിക്കേഷനുകളും സെർവ്വറുകളും വെബ്സൈറ്റുകളും ഇതേ ഡാറ്റാസെന്ററിൽത്തന്നെയാണ് സുരക്ഷിതമാക്കിയിട്ടുള്ളത്.

(ഡി) ആധാറുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൂർണ്ണമായും സർക്കാർ സംവിധാനത്തിലാണ് സൂക്ഷിച്ചുവരുന്നത്.

എമർജിംഗ് കേരളയിലെ പദ്ധതികൾക്ക് ഭൂമി

23 (*623) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. എസ്. രാജേന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയിൽ സമർപ്പിച്ച പദ്ധതികൾക്ക് ഭൂമി നൽകുന്നതിൽ സ്വീകരിച്ച നിലപാടുകൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി സമർപ്പിച്ച പല സ്ഥാപനങ്ങളും സർക്കാർ ഭൂമി ലക്ഷ്യം വച്ചവരാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ ;

(സി) എമർജിംഗ് കേരളയിൽ സമർപ്പിച്ച പദ്ധതികൾക്ക് സർക്കാർ ഭൂമി നൽകില്ല എന്ന മുൻ നിലപാടിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) എമർജിംഗ് കേരളയിൽ സമർപ്പിച്ച പദ്ധതിക്ക് ഭൂമി നൽകുന്നതിന് നീക്കമുണ്ടെങ്കിൽ ഏത് തരത്തിലുള്ള ഭൂമിയാണ് കണ്ടെത്തുന്നതെന്നും ഭൂമി നൽകുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കുമെന്നും വ്യക്തമാക്കാമോ ;

(ഇ) ഭൂമി ആവശ്യപ്പെട്ട സംരംഭങ്ങൾ ഏതെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സർക്കാർ ഉത്തരവ് നമ്പർ 1412/2012/വ്യവ. തീയതി 24-9-2012 പ്രകാരം എമർജിംഗ് കേരളയിൽ സ്വീകരിക്കേണ്ട തുടർനടപടികളും ജി.ഒ.(ആർ.ടി.) നമ്പർ1347/2012/വ്യവ. തീയതി 10-9-2012 പ്രകാരം സ്വീകരിക്കേണ്ട പൊതുസമീപനങ്ങൾ സംബന്ധിച്ചും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻപ്രകാരം ഒരുകാരണവശാലും സർക്കാർ ഭൂമി പ്രോജക്ടുകൾക്കായി വിൽക്കുകയില്ല. എന്നാൽ പ്രോജക്ടിന്റെ സാമ്പത്തികവും സാമൂഹികവുമായി പ്രാധാന്യം കണക്കിലെടുത്ത് ഭൂമി പാട്ടത്തിന് നൽകുന്നതാണെന്നും പാട്ടക്കാലാവധി സാധാരണ നിലയിൽ 30 വർഷമായിരിക്കുമെന്നും ഉത്തരവായിരുന്നു. വ്യവസായ സംരംഭങ്ങൾക്കായി അനുവദിച്ച ഭൂമിയിൽ 6 മാസത്തിനുള്ളിൽ വ്യവസായം തുടങ്ങുന്നതിനുള്ള നടപടികൾ ഒന്നുംതന്നെ ബന്ധപ്പെട്ട നിക്ഷേപകർ സ്വീകരിക്കുന്നില്ലായെങ്കിൽ അത്തരം ഭൂമികൾ തിരിച്ചെടുക്കുകയും അങ്ങനെ തിരിച്ചെടുക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാനും ഉത്തരവായിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികൾക്ക് പാട്ടത്തിനു മാത്രമേ ഭൂമി നൽകുകയുള്ളൂ എന്ന നിലപാടിന് മാറ്റം വരുത്തിയിട്ടില്ല.

എമർജിംഗ് കേരളയിൽ സമർപ്പിച്ച പദ്ധതികളിൽ ചിലതിന് കെ.എസ്. ഐ.ഡി.സി.യുടെയും കിൻഫ്രയുടെയും അധീനതയിലുള്ള ഭൂമി പാട്ടക്കരാർ വ്യവസ്ഥയിൽ നിക്ഷേപകർക്ക് നൽകുന്നത് സംബന്ധിച്ച് നിക്ഷേപകരും അധികൃതരുമായി ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ ഭൂമി അനുയോജ്യമല്ലാത്തതിനാൽ ചില നിക്ഷേപകർ ഭൂമി ഏറ്റെടുത്തിട്ടില്ല. തുടർന്നും നിക്ഷേപകർ ഭൂമിക്കായി സമീപിച്ചാൽ അവരുടെ അപേക്ഷ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

അട്ടപ്പാടി ആദിവാസി ഊരുകളിൽനിന്നും കുട്ടികളെ കടത്തുന്നതായ വാർത്തകൾ

24 (*624) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ മതസ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും അനാഥാലയങ്ങളിലേക്കും അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly